# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2645

10/12/2014-ൽ മറുപടിക്ക്

## പക്ഷിപ്പനിയുടെ വ്യാപനം തടയൽ

ചോദ്യം

ശ്രീ. തോമസ് ചാണ്ടി

കുട്ടനാട്ടിൽ പക്ഷിപ്പനി മനുഷ്യരിലേയ്ക്ക് പടരുന്നത് തടയാൻ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മറുപടി

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

- പക്ഷികളെ കൊല്ലുന്നതും സംസ്കരിക്കുന്നതുമായ പ്രക്രിയകളിൽ ഏർപ്പെടുന്നവർക്ക് രോഗം പകരാതിരിക്കാനുള്ള പ്രതിരോധ മരുന്ന് വിതരണം ചെയ്തിട്ടുണ്ട്. ഇവരുടെ ആരോഗ്യ പരിശോധനകൾ നിത്യേന നടത്തുന്നുണ്ട്.
- രോഗനിയന്ത്രണത്തിന്റെ ഭാഗമായി പക്ഷികളെ കൊന്നൊടുക്കിയ ഒരു കി.മീ. ചുറ്റളവിലും അതിന് പുറത്തുള്ള 9 കി.മീ. ചുറ്റളവിലും മനുഷ്യരിലേയ്ക്ക് രോഗം വ്യാപിക്കുന്നുണ്ടോ എന്നറിയാനുള്ള രോഗനിരീക്ഷണ പ്രവർത്തനങ്ങൾ ഫീൽഡ് തലത്തിലും ആരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചും ചെയ്തുകൊണ്ടിരിക്കുന്നു. സംശയാസ്പദമായ രോഗലക്ഷണങ്ങളുള്ളവരുടെ തൊണ്ടയിലെ സ്രവം പരിശോധനയ്ക്കായി ഡൽഹിയിലെ എൻ.സി.ഡി.സി. യിലേയ്ക്ക് അയയ്ക്കുന്നു.

സെക്ഷൻ ഓഫീസർ